**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6628** **11-11-2021 - ൽ മറുപടിയ്ക്ക്**

**യൂണിവേഴ്സിറ്റികളിലെ പരീക്ഷാ നടത്തിപ്പും ഫലപ്രഖ്യാപനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Dr. R. Bindu (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം യൂണിവേഴ്സിറ്റികളിലാണ് സമയബന്ധിതമായി പരീക്ഷ നടത്തി റിസൽട്ട് പ്രഖ്യാപിക്കുന്നത്; | (എ) | സംസ്ഥാനത്തെ സർവ്വകലാശാലകൾ സമയബന്ധിതമായി തന്നെ പരീക്ഷകൾ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിന് എക്കാലത്തും ശ്രമിക്കാറുണ്ട്. കോവിഡ് മഹാമാരി സൃഷ്ടിച്ച സമാനതകളില്ലാത്ത പ്രതിസന്ധികൾക്കിടയിലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരീക്ഷകൾ നടത്തുന്നതിനും പരിമിതമായ സ്റ്റാഫിനെ മാത്രം ഉപയോഗിച്ച് താമസംവിനാ ഫല പ്രഖ്യാപനം സർവ്വകലാശാലകൾക്ക് നടത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പരീക്ഷ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും കാലതാമസം വരുന്നത് വിദ്യാർത്ഥികളുടെ ഉപരിപഠനത്തെയും തൊഴിലവസരങ്ങളെയും ദോഷകരമായി ബാധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിഡ് - 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പരീക്ഷ നടത്തിപ്പിൽ കാലതാമസം നേരിട്ടിരുന്നു. എന്നിരുന്നാലും അവസാന വർഷ പരീക്ഷകൾ സമയബന്ധിതമായി നടത്തി ഫലപ്രഖ്യാപനം നടത്തുകയും ചെയ്തിരുന്നു. മറ്റു സെമസ്റ്റർ പരീക്ഷകൾ സമയബന്ധിതമായി നടത്തി ഫലപ്രഖ്യാപനം വേഗത്തിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | യൂണിവേഴ്സിറ്റികളുടെ പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും സമയക്രമം പാലിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | സർവ്വകലാശാല പരീക്ഷാ ചട്ടങ്ങളിൽ തന്നെ പരീക്ഷാ നടത്തിപ്പ്, ഫലപ്രഖ്യാപനം എന്നിവ സംബന്ധിച്ച് സമയക്രമം പാലിക്കുന്നുണ്ട്. കൂടാതെ ഓരോ അദ്ധ്യയന വർഷവും തയ്യാറാക്കുന്ന പരീക്ഷാകലണ്ടറിൽ പരീക്ഷയും ഫലപ്രഖ്യാപനവും സംബന്ധിച്ച വിശദാംശങ്ങളും നൽകി വരുന്നുണ്ട്. പരീക്ഷാ കലണ്ടറിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാ ശാലയിൽ എല്ലാ പരീക്ഷകളും ഫലപ്രഖ്യാപനവും നടത്തി വരുന്നത്. എന്നാൽ കോവിഡ് മഹാമാരി യെത്തുടർന്നുണ്ടായ ലോക്ക് ഡൗൺ/ നിയന്ത്രണങ്ങൾ കാരണം പരീക്ഷകളുടെ നടത്തിപ്പിൽ കാലതാമ സമുണ്ടായിട്ടുണ്ട്. കാലതാമസം നേരിട്ട പരീക്ഷകൾ എത്രയും പെട്ടെന്ന് |

| | | | |
|---|---|---|---|
| | | | തന്നെ നടത്തി ഫലപ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ